ന്നത്. നിലവിലുള്ള കരാറുകാരൻ വർക്ക് പൂർത്തിയാക്കാൻ തയ്യാറാകാതെ ഗുരുതരമായ അനാസ്ഥ കാണിച്ചുകൊണ്ട് ഇങ്ങനെ ഒരു പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. കഴിഞ്ഞ തവണ ഉന്നയിച്ച സബ്മിഷന്റെ അടിസ്ഥാനത്തിൽ ബഹു.മന്ത്രി ഇടപെടുകയും വർക്ക് പുനരാരംഭിക്കാൻവേണ്ടി നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. അതനുസരിച്ച് വർക്ക് പുനരാരംഭിച്ചു എങ്കിലും വീണ്ടും പണി നിർത്തിവച്ചുകൊണ്ട് പ്രശ്നം ഉണ്ടാക്കിയിരിക്കുകയാണ്. നിലവിലുള്ള കരാറുകാരനെ പിരിച്ചുവിടണമെന്നും പുതിയ വർക്ക് ക്രമീകരിക്കണമെന്നുമാണ് എനിക്ക് പറയാനുള്ളത്. ഇക്കാര്യത്തിൽ ബഹു.മന്ത്രി ഇടപെട്ടുകൊണ്ട് നിലവിലുള്ള കരാറുകാരനെ പിരിച്ചുവിട്ട് പുതിയ വർക്ക് ക്രമീകരിച്ച് റോഡ് നിർമ്മാണം പൂർത്തിയാക്കാൻവേണ്ടി നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ഏറ്റുമാനൂർ-കല്ലറ-വെച്ചൂർ റോഡിന്റെ ഒന്നാം ഭാഗത്തിന്റെ പണി ജയപ്രകാശ് എന്ന കരാറുകാരനെ 6-2-'91-ൽ ഏല്പിച്ചിരുന്നതാണ്. കരാർ വ്യവസ്ഥപ്രകാരം പ്രസ്തുത പണി 1998-ൽ പൂർത്തിയാക്കേണ്ടതാണ്. എന്നാൽ കരാറുകാരന്റെ അനാസ്ഥമൂലം പണിക്ക് താമസം നേരിട്ടിരിക്കുന്നു. പണി പൂർത്തിയാക്കേണ്ട കാലാവധി കഴിഞ്ഞിട്ടും പണി പൂർത്തിയാക്കാത്തതുകൊണ്ട് ബഹു.അംഗം പറഞ്ഞതുപോലെ ഈ കരാറുകാരനെ ജോലിയിൽനിന്നും നിയമാനുസൃതം ഒഴിവാക്കുന്നതിന് അടിയന്തിരമായ നടപടികൾ സ്വീകരിക്കുന്നതും മറ്റൊരാളെ ജോലി ഏല്പിച്ച് പണികൾ പൂർത്തീകരിക്കുന്നതുമാണ്.

(20) കഴക്കൂട്ടം പഞ്ചായത്തിന് പ്രൈമറി ഹെൽത്ത് സെന്റർ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, എന്റെ നിയോജകമണ്ഡലത്തിലെ കഴക്കൂട്ടം ഗ്രാമപഞ്ചായത്താണ് കേരളത്തിൽ പ്രൈമറി ഹെൽത്ത് സെന്റർ ഇല്ലാത്ത ഏക പഞ്ചായത്ത്. കഴിഞ്ഞ സമ്മേളനത്തിലും ഇതിനു മുൻപുള്ള സമ്മേളനത്തിലും ഇത് സബ്മിഷനായി അവതരിപ്പിച്ചതാണ്. ഉടൻ ഉണ്ടാകുമെന്ന് പറഞ്ഞെങ്കിലും ഇതുവരെ ഒന്നും നടന്നില്ല. കേരളത്തിലെ ഏക പഞ്ചായത്ത് അതാണ്. അവിടെ ഞങ്ങൾ ആശുപത്രിക്കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. അവിടെ ഒരു സബ്സെന്ററും പ്രവർത്തിക്കുന്നുണ്ട്. അതൊന്ന് പി.എച്ച്. സെന്റർ ആക്കണമെന്ന് മാത്രമേയുള്ളൂ. ഇത് താല്പര്യമെടുത്ത് ചെയ്യാൻ ഗവൺമെന്റ് തയ്യാറാകണം.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) : സർ, കഴക്കൂട്ടം പഞ്ചായത്തിന് മാത്രമായി ഒരു പ്രൈമറി ഹെൽത്ത് സെന്റർ അനുവദിക്കുന്ന കാര്യം സാമ്പത്തിക സൗകര്യങ്ങളനുസരിച്ച് പരിഗണിക്കുന്നതാണ്.

(21) ഗണക സമുദായത്തെയും ഉപജാതികളെയും ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, കേരളത്തിലെ ഒരു ന്യൂനപക്ഷ പിന്നോക്ക സമുദായമായ ഗണക സമുദായവും അതിന്റെ ഉപജാതിയിൽപ്പെട്ട കണിശൻ, കണിയാർ, കളരിക്കുറുപ്പ്, കണിയാൻ, കളരിപ്പണിക്കർ, കണ്ടനാർ എന്നീ വിഭാഗങ്ങൾ ഉൾക്കൊള്ളുന്ന പൊതുസംഘടനയായ കേരള കുരുക്ഷേത്രസമാജം 22-5-2000-ത്തിൽ ഒ.ഇ.സി. ലിസ്റ്റിൽപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗവൺമെന്റിന് നിവേദനം നല്കിയിട്ടുണ്ട്. അത്

LIBRARY ARCHIVES Kerala Legislative Assembly